21 (984) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ പ്രവർത്തനം

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് 1997-98, 1998-99 വർഷങ്ങളിൽ ഉണ്ടായ ലാഭം എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന് ഇപ്പോൾ എത്ര ശാഖകളുണ്ട്;

(സി) പുതിയ ശാഖകൾ തുടങ്ങുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എങ്കിൽ എവിടെയെല്ലാം;

(ഡി) ഈ സ്ഥാപനത്തിൽ ചിട്ടി ചേർന്നിട്ടുള്ളവർക്ക് ചിട്ടിസംഖ്യ വിളിച്ചെടുക്കുന്നതിന് നിലവിലുള്ള ജാമ്യവ്യവസ്ഥകൾ മൂലം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജാമ്യവ്യവസ്ഥകൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1997-98-ൽ 688 ലക്ഷം രൂപ

1998-99-ൽ 191 ലക്ഷം രൂപ

(ബി) 203 ശാഖകളുണ്ട്.

(സി) പുതിയ ശാഖകൾ തുടങ്ങുന്നതു സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ഡി) ചുരുക്കം ചില കേസ്സുകളിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നിലവിലുള്ള ജാമ്യവ്യവസ്ഥകൾ ലളിതവും ഉദാരവുമായതിനാൽ അവ കൂടുതൽ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

22 (985) കെ.എസ്.എഫ്.ഇ.യിലെ ഉദ്യോഗസ്ഥ നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം

ഡോ. എം .എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫൈനാൻഷ്യൽ എന്റർപ്രൈസ്സിലെ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനങ്ങളിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികവിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20/3/1985-ലെ ജി.ഒ.(എം.എസ്).114/85/ജി.എ.ഡി,10/11/93-ലെ ജി.ഒ(എം.എസ്)നം.23/93/പി.എൽ.ജി.22/1/94 ലെ ജി.ഒ(എം.എസ്)നം.25/94/ജി.എ.ഡി, അടക്കമുള്ള വിവിധ ഉത്തരവുകൾ ഈ സ്ഥാപനം ലംഘിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു കാരണക്കാരായ എന്റർപ്രൈസസിലെ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly